## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2879

12-10-2011 ൽ മറുപടിയ്ക്ക്

### നെൽകർഷകകരുടെ എണ്ണവും നെൽക്കൃഷിയുടെ വിസ്തീർണ്ണവും കുറഞ്ഞുവരുന്നത് സംബന്ധിച്ച്

ചോദ്യം
ശ്രീ.എം.ഹംസ

മറുപടി
ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| സംസ്ഥാനത്തെ നെൽകർഷകരുടെ എണ്ണവും നെൽകൃഷിയുടെ വിസ്തീർണ്ണവും കുറഞ്ഞു വരുന്ന കാര്യം ശ്രദ്ധ യിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | സംസ്ഥാനത്തെ നെൽകർഷകരുടെ എണ്ണവും നെൽകൃഷിയുടെ വിസ്തീർണ്ണവും കുറഞ്ഞു വരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഈ പോരായ്മ പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ കര നെൽകൃഷി, തരിശു ഭൂമികൃഷി പ്രോത്സാഹനം എന്നിവ ഉൾപ്പെടെ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ശാസ്ത്രീയ മായ കൃഷിരീതികളിലൂടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പി ക്കുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ റിപ്പോർട്ടുപ്രകാരം 2006-07 കാലയളവിലെ നെൽകൃഷി വിസ്തീർണ്ണം 263529 ഹെക്ടറും കർഷകരുടെ എണ്ണം ഏകദേശം 13 ലക്ഷവും ഉൽപ്പാദനക്ഷമത ഹെക്ടറിന് 2.43 കിലോഗ്രാമുമാണ്. 2010-11 കാലയളവിൽ വിസ്തീർണ്ണം 243141 ഹെക്ടറായും കർഷകരുടെ എണ്ണം ഏകദേശം 12.2 ലക്ഷവു മായി കുറഞ്ഞിട്ടുണ്ട്. എങ്കിലും ഉൽപ്പാദനക്ഷമത ഹെക്ടറിന് 2.93 കിലോഗ്രാം ആയി വർദ്ധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ